**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 94** **05-12-2022 - ൽ മറുപടിയ്ക്ക്**

**എസ്.എ.ടി. ആശുപത്രിയിലെ അനധികൃത നിയമന കത്ത്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി ആർ മഹേഷ്,<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ,<br>ശ്രീ. എ . പി . അനിൽ കുമാർ ,<br>ശ്രീ . ഷാഫി പറമ്പിൽ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | എസ്.എ.ടി. ആശുപത്രിയിലെ ഒൻപത് നിയമനങ്ങൾക്കായി പട്ടിക ആവശ്യപ്പെട്ട് നഗരസഭയിലെ ഭരണകക്ഷിയുടെ പാർലമെന്ററി പാർട്ടി സെക്രട്ടറി ജില്ലാ സെക്രട്ടറിക്ക് കത്ത് എഴുതിയതായി പറയപ്പെടുന്ന സംഭവത്തിൽ എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ; | (എ) | ചില മാധ്യമങ്ങളിൽ പ്രചരിച്ച, കത്തെഴുതിയതായി പറയപ്പെടുന്ന സംഗതിയിൽ കേസുകളൊന്നും രജിസ്റ്റർ ചെയ്തിട്ടില്ല. |
| (ബി) | ഒരു കോഗ്നിസബിൾ കുറ്റകൃത്യത്തെ കുറിച്ച് വിവരം ലഭിച്ചയുടൻ എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്യണം എന്ന് സി.ആർ.പി.സി. വ്യവസ്ഥയും സുപ്രീം കോടതി വിധിയും നിലനിൽക്കെ പ്രസ്തുത വിഷയത്തിൽ കേസ് എടുക്കാത്തതിന്റെ കാരണം വിശദമാക്കാമോ; | (ബി) | (എ) യിൽ ചേർത്തിട്ടുണ്ട്. |
| (സി) | പ്രസ്തുത സംഭവത്തിൽ പ്രാഥമിക അന്വേഷണം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ; | (സി) | (എ) യിൽ ചേർത്തിട്ടുണ്ട്. |
| (ഡി) | ബന്ധു നിയമന പരാതിയെത്തുടർന്ന് വകുപ്പുതല അന്വേഷണത്തിൽ കുറ്റക്കാരിയാണെന്ന് കണ്ടെത്തിയ എസ്.എ.ടി. ആശുപത്രി ലേ സെക്രട്ടറിയെ സസ്പെൻഡ് ചെയ്ത സാഹചര്യത്തിൽ പോലും കേസ് എടുക്കാത്തതിന്റെ കാരണം വിശദമാക്കാമോ? | (ഡി) | ഈ വിഷയവുമായി ബന്ധപ്പെട്ട് നിലവിൽ പോലീസ് നടപടികൾ സ്വീകരിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ